## പതിമൂന്നാം കേരളനിയമസഭ
## പതിന്നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5526 28/07/2015 ൽ മറുപടിയ്ക്ക്.**

### പഞ്ചായത്തുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ : | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) പഞ്ചായത്തുകളുടെ പ്രവർത്തന ത്തിൽ പുതിയ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്.<br>പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കുക, ജനപ്രതിനിധികൾക്ക് പരിശീലനം നൽകി ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, ഗ്രാമപഞ്ചായത്തുകളിൽ വനിതാ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുക, ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം അഴിമതി രഹിതവും സുതാര്യവുമാക്കുക (കമ്പ്യൂട്ടർവത്ക്കരണം, സേവനാവകാശ നിയമം) എന്നിവയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ ശക്തവും കാര്യക്ഷമവുമായ സോഷ്യൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പഞ്ചായത്തുകളിൽ വാർഡ് തലത്തിൽ ഫെസിലിറ്റേറ്റർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെ യെന്ന് വിശദമാക്കാമോ; | (ബി) ഉണ്ട്.<br>വാർഡ് സംബന്ധിക്കുന്ന പ്രധാന സ്ഥിതിവിവരങ്ങൾ, ഭൂപടങ്ങൾ എന്നിവ തയ്യാറാക്കി സൂക്ഷിക്കുവാനും വാർഡ്തല വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും സർക്കാരിന്റെ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളുടെ ലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കുവാനും വാർഡ് വികസന സമിതി ചുമതലപ്പെടുത്തുന്ന സന്നദ്ധ പ്രവർത്തകയായി കുടുംബശ്രീ അംഗത്വമുള്ള യോഗ്യയായ ഒരു വ്യക്തിയെ നിയോഗിക്കാവുന്നതാണ്. പ്രസ്തുത വ്യക്തി |

'സേവാഗ്രാം ഫെസിലിറ്റേറ്റർ' ആയി പ്രവർത്തിക്കുകയും ആഴ്ചയിൽ അഞ്ച് ദിവസം (വൈകുന്നേരം 3 മുതൽ 7 വരെ) ഗ്രാമ കേന്ദ്രത്തിൽ ഉണ്ടായിരിക്കുകയും ചെയ്യും. 'ഗ്രാമ കേന്ദ്രം ഫെസിലിറ്റേറ്റർ' എ.ഡി.എസ്സിന്റെ സഹായത്തോടെ ഗ്രാമസഭാ പ്രവർത്തനങ്ങളും വാർഡ് വികസന സമിതി പ്രവർത്തനങ്ങളും സുഗമമാക്കുകയും പഞ്ചായത്തുകളുടെ നികുതി പിരിവ് തുടങ്ങിയ ചുമതലകളിൽ സഹായിക്കുകയും ചെയ്യും.

(സി) പഞ്ചായത്ത് വകുപ്പിൽ എത്ര ഒഴിവുകളുണ്ടെന്ന് ജില്ലയും, തസ്തികയും തിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ;

(സി)

| ജില്ല | സീനിയർ സൂപ്രണ്ട് | സെക്രട്ടറി | /ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറി | ഹെഡ് ക്ലാർക്ക് | അക്കൗണ്ടന്റ് | സീനിയർ ക്ലാർക്ക് | ടൈപ്പിസ്റ്റ് |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | | | | | | 2 | 1 |
| കൊല്ലം | | | | | | | |
| പത്തനംതിട്ട | | | | | | | |
| ആലപ്പുഴ | | | 1 | | | | |
| കോട്ടയം | | | | | | | |
| ഇടുക്കി | 1 | 5 | | | 1 | | |
| എറണാകുളം | | | | 1 | | | |
| തൃശ്ശൂർ | | | 1 | | | | |
| പാലക്കാട് | | | 1 | | 1 | | |
| മലപ്പുറം | | 1 | 1 | | 2 | | |
| കോഴിക്കോട് | | 1 | 1 | | | | |
| വയനാട് | | 1 | | | | | |
| കണ്ണൂർ | | | 1 | 1 | | | |
| കാസർഗോഡ് | | | | 2 | | | |
| ആകെ | 1 | 8 | 6 | 4 | 4 | 2 | 1 |

ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ തസ്തികകളിലെ ഒഴിവുകൾ ശേഖരിച്ചു വരുന്നു.

(ഡി) പഞ്ചായത്ത് ഓഫീസുകളുടെ പ്രവർത്തനത്തിന് കുടുംബശ്രീയെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലാണെന്ന് വിശദമാക്കാമോ?

(ഡി) ഉണ്ട്.

പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തെ സഹായിക്കുന്ന ചുമതല കുടുംബശ്രീയെ ഏൽപ്പിക്കുന്നതിനും, പഞ്ചായത്തിലെ വിവിധ സേവനങ്ങളെ സംബന്ധിച്ചുള്ള അറിവുകൾ നൽകുകയും വിവിധ ഫോറങ്ങൾ പൂരിപ്പിക്കുവാനുള്ള സഹായം നൽകുകയും ചെയ്യുന്നതിനു പുറമെ ഫോട്ടോസ്റ്റാറ്റ്, ഇൻററർനെറ്റ്, ഡി.റ്റി.പി, ഫാക്സ്, സ്റ്റാമ്പുകളുടെ വില്പന, ആവശ്യമായ സ്ഥലംസൗകര്യം ലഭ്യമാകുന്ന പക്ഷം ലഘുഭക്ഷണ സൗകര്യവും ക്രമീകരിക്കുകയും ചെയ്യുക, കൂടാതെ ഗ്രാമപഞ്ചായത്ത് വിവിധ സമിതിയോഗങ്ങൾക്ക് ലഘുഭക്ഷണം, ഊണ് നൽകൽ മുതലായവ കുടുംബശ്രീയ്ക്ക് നൽകാവുന്നതാണ്.

സെക്ഷൻ ഓഫീസർ